(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ നഷ്ടമാകുന്ന സ്ഥിതിയില്ല. എന്നാൽ ഈ അദ്ധ്യയന വർഷം ആലപ്പുഴ ഡെന്റൽ കോളേജിൽ റിന്യൂവലിനും തൃശ്ശൂർ ഡെന്റൽ കോളേജിൽ പുതുതായും പ്രവേശനത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്നും അനുമതി പത്രം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോളേജുകളിലെ 100 സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്. ഈ വർഷത്തെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്ന പതിനാല് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ആറ് കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എ.ബി.ബി.എസ്.-ന് 1150 സീറ്റുകളും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനുകീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ 100 സീറ്റുകളുമുണ്ട്. ഡെന്റൽ കോളേജുകളിൽ ആകെ 190 സീറ്റുകളാണുള്ളത്. സ്വാശ്രയ മേഖലയിൽ മെഡിക്കൽ വിഭാഗത്തിൽ 1600 സീറ്റും ഡെന്റൽ മേഖലയിൽ 1300 സീറ്റും ഉണ്ട്. പരിയാരം മെഡിക്കൽ കോളേജിൽ 100 മെഡിക്കൽ സീറ്റും 60 ഡെന്റൽ സീറ്റും നിലവിലുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിക്കുകയുംവഴി കൗൺസിലുകളുടെ അനുമതി ഉറപ്പാക്കാവുന്നതാണ്.

ജീവനക്കാർക്കുള്ള ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

29 (*539) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതി മുഖേന സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) പദ്ധതിക്കുള്ള തുക ആരാണ് വഹിച്ചിരുന്നതെന്നും നിലവിൽ അതിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്താണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് തുടർന്നും ലഭിക്കാനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ചികിത്സാനുകൂല്യം, രോഗാനുകൂല്യം, അവശതാനുകൂല്യം, പ്രസവാനുകൂല്യം, ആശ്രിതാനുകൂല്യം, ശവസംസ്കാരത്തിനുള്ള ആനുകൂല്യം എന്നിവ നൽകിവരുന്നുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ ചെലവ് ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് വഹിച്ചുവരുന്നത്. ഇ.എസ്.ഐ. കോർപ്പറേഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് പദ്ധതി നടത്തിപ്പിന്റെ 7/8 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷനും 1/8 ഭാഗം സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. ചെലവ് വഹിക്കുന്നതിന്റെ ഈ അനുപാതത്തിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) ഇ.എസ്.ഐ. പദ്ധതിപ്രകാരം നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ നിലവിലും തുടർന്നുവരുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് പരിശീലനം

30 (*540) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ പരിശീലന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly